# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ:04872371931)


## എറണാകുളം


**E mail: kauagmet@yahoo.co.in, cohagmet@kau.in**


കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ് 17/17, വെള്ളിയാഴ്ച** **തീയ്യതി 28.04.2017**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 29.04.2017 | 30.04.2017 | 01.05.2017 | 02.05.2017 | 03.05.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 2 | 1 | 2 | 0 |
| ഉയർന്ന താപനില (°C ) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C ) | 26 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട്) | 5 | 5 | 5 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | മൂപ്പെത്തുന്ന പരുവം | നെന്മണികളുടെ ഗുണനിലവാരത്തിനും ഒരുമിച്ച് വിളവെടുക്കുന്നതിനും വെള്ളം പൂർണമായും വാർത്തു കളയേണ്ടതാണ്. വിത്തിനായി ഉപയോഗിക്കുന്ന നെന്മണികൾ നന്നായി ഉണക്കി സൂക്ഷിക്കുക. |
| വാഴ | ഇലത്തീനിപ്പുഴു | അന്തരീക്ഷ താപനില കൂടി വരുന്നതിനാൽ വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫെയിം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (പാവൽ) | കായീച്ച | കേടു വന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യുലുർ 6 എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം. |